(സി) ഇതിനാവശ്യമായ പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) തുടങ്ങിയിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി&ഡി) ചിക്കോട് പദ്ധതിയുടെ കിണർ പമ്പ് ഹൗസ് എന്നീ പ്രവൃത്തികളുടെ ടെൻഡർ ഇപ്പോൾ പരിശോധനയിലാണ്. ശുദ്ധീകരണശാലയുടെ ടെൻഡർ ഒരു തവണ കാൻസൽ ചെയ്തശേഷം പുതുക്കിയ എൻ.ഐ.റ്റി. ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്. ഭൂതല സംഭരണിയുടെ ടെൻഡർ 50 ശതമാനം കൂടുതൽ റേറ്റിന് കോൺട്രാക്ടർക്ക് നൽകുവാൻ ജല അതോറിറ്റിതലത്തിൽ ഉത്തരവ് നൽകിയിട്ടുണ്ടെങ്കിലും കരാറുകാരൻ സമ്മതം അറിയിച്ചിട്ടില്ല. കീഴ്പറമ്പ് പദ്ധതിയുടെ വിതരണ ശൃംഖല ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖലയിൽപ്പെട്ട 10 കി.മീറ്റർ എന്നീ പൈപ്പ് ലൈനിന്റെ നിർമ്മാണം നടന്നുവരുന്നു. പി.വി.സി. വിതരണ ശൃംഖലയുടെ പണികൾ 27 കി.മീറ്റർ പൈപ്പുകൾ ലഭ്യമാകുന്നതോടുകൂടി തുടങ്ങാൻ കഴിയും.

ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതി

76 (301) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വട്ടപ്പാറ-ചൂണ്ടവിള കിഴക്കുംകരക്കുന്നിൻ പ്രദേശത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) ഈ വിഷയം സംബന്ധിച്ച് നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിൽ അൺസ്റ്റാർഡ് ചോദ്യം നമ്പർ 2334 (ബി)ക്ക് നൽകിയ മറുപടി അനുസരിച്ചുള്ള യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ഭാഗങ്ങളിൽ അടിയന്തിരമായി ശുദ്ധജലം എത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കരകുളം വാട്ടർ സപ്ലൈ സ്കീമിന്റെ (ആഗ്മെന്റേഷൻ) 320 ലക്ഷം രൂപയുടെ രൂപരേഖ തയ്യാറാക്കി എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്കീം നടപ്പിലാക്കിക്കഴിയുമ്പോൾ മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വട്ടപ്പാറ പ്രദേശത്ത് ഭാഗികമായി പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും മറ്റു പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി എടുത്തു വരുന്നു എന്നുമായിരുന്നു 14-ാം സമ്മേളനത്തിൽ (15-ാം സമ്മേളനത്തിലല്ല) ഉന്നയിച്ച ചോദ്യത്തിന് നൽകിയ മറുപടി. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഉത്തരം (എ)യിൽ പറഞ്ഞിരിക്കുന്ന പദ്ധതിക്ക് രൂപം നൽകി എൽ.ഐ.സി.യിൽ നിന്നും വായ്പ ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചു കഴിഞ്ഞു. എൽ.ഐ.സി. വായ്പ ലഭിച്ചാലുടൻ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയും.

(സി) എൽ.ഐ.സി.യിൽ നിന്നും വായ്പ ലഭിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

അരൂർ നിയോജക മണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ നടപടി

77 (302) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരൂർ നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലെ എത്ര വീടുകളിൽ ശുദ്ധജലം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ മണ്ഡലത്തിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി ഇപ്പോൾ പ്രവർത്തനം നടക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ താഴെപ്പറയുന്ന പഞ്ചായത്തുകളിൽ പൊതുടാപ്പുവഴി ജലവിതരണം ലഭ്യമാകുന്ന ഗുണഭോക്താക്കളുടെ വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

അരൂർ	600 എണ്ണം
എഴുപുന്ന	700 എണ്ണം
കോടംതുരുത്ത്	1020 എണ്ണം
വയലാർ	280 എണ്ണം
പട്ടണക്കാട്	1725 എണ്ണം
കടക്കരപ്പള്ളി	225 എണ്ണം

† അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly